# നെന്മാണിക്യം

(നോവൽ–14)

ജോൺ ഇളമത

ക്ഷേത്രഗോപുരത്തിന്റെ ഒരു ഭാഗം കൊച്ചയ്യപ്പൻ ഇടിച്ചിട്ടു. തൈത്തെങ്ങുകളും ചെറിയ മരങ്ങളും പിഴുതെടുത്ത് ആകാശത്തിലേക്ക് പൂക്കൾപോലെ ചുരുട്ടിയെറിഞ്ഞു. കൈയിൽക്കിട്ടിയതൊക്കെ തട്ടിത്തെറിപ്പിച്ചു. ഒന്നരയടി നീളമുള്ള പാൽവർണ്ണക്കൊമ്പുകൾ ഉയർത്തി തുമ്പിക്കൈ ആകാശത്തേക്കു ചുരുട്ടി വലിച്ചെറിഞ്ഞു. ചിന്നംവിളിച്ചു. വലിയ ചെവികൾ ആകാശത്തിൽ ആലവട്ടം വീശി.

ശാസ്താവിന്റെ കോപം ദർശിച്ച എഴുമറ്റൂർ തമ്പുരാൻ വിവശനായി.

രണ്ടാം പാപ്പാനു സംഗതി അറിയാമായിരുന്നു. അവനതാരോടും ഉരിയാടിയില്ല. കൊച്ചയ്യപ്പന് കിട്ടേണ്ട ശർക്കരയും പഴവും അന്നു കിട്ടിയിട്ടുണ്ടായിരുന്നില്ല.



രണ്ടാം പാപ്പാൻ മാറിത്തന്നെ നിന്നു. കൊച്ചയ്യപ്പൻ പിണങ്ങിയാൽ രണ്ടിലൊന്നാണ്.

കുഞ്ഞിക്കണ്ണൻ എന്ന ആനയുടെ പുറത്തുകയറി അന്തോനി പുറപ്പെട്ടു. ഊണിലും ഉറക്കത്തിലും കുഞ്ഞിക്കണ്ണനെ വിശ്വസിക്കാം. ലക്ഷണമൊത്ത ആന. ഇടത്തരം വലിപ്പം. ശാന്തസ്വഭാവം. കൂർമ്മബുദ്ധി. യജമാനനെ മലയാറ്റൂർ വനം കടക്കാൻ അവനാണ് നേതൃത്വം നല്കിയത്. പാലിയത്തച്ചൻ അന്തോനിക്ക് പാരിതോഷികം കൊടുത്തതാണവനെ. നീലഗിരി വനങ്ങളിൽനിന്നാണവനെ പിടിച്ചിണക്കിയത്. പിച്ച വെക്കുന്ന പ്രായത്തിൽ. പശുവിൻപാലു കുടിച്ചാണവൻ വളർന്നത്. കൊച്ചുകുട്ടികൾക്കു പോലും അവനെ തൊടാം. തുമ്പിക്കൈയിലും കൊമ്പിലും തലോടാം. കുഞ്ഞിക്കണ്ണൻ എന്ന പേര് അവന് അച്ചൻ കൊടുത്തതാണ്. ആ പേരിൽത്തന്നെ അവനിന്നും അന്തോനിയുടെ ആജ്ഞകളെ ശിരസ്സാവഹിക്കുന്നു.

കൊച്ചയ്യപ്പനെ അല്പം അകലെ കണ്ടു. പോർവിളിച്ചുനില്ക്കുന്നു. കോവിലിന്റെ വടക്കുവശത്തെ മതിലും ചാരി.

അന്തോനി കുഞ്ഞിക്കണ്ണനെ അല്പം അകലെ നിർത്തി ഇറങ്ങി നടന്നു. കൊച്ചയ്യപ്പനഭിമുഖമായി.

കൊച്ചയ്യപ്പൻ പാഞ്ഞ് അന്തോനിക്കഭിമുഖം വന്നു.

അന്തോനി ചുവടൊഴിഞ്ഞു. അവൻ വട്ടമിട്ടു. അവൻ കറങ്ങിവന്നു. മുട്ടുമടക്കി മുൻകാലുകളിലിരുന്നു. തുമ്പിക്കൈ നീട്ടി അന്തോനിയെ കോരിയെടുക്കാൻ ശ്രമിക്കവേ അന്തോനി നെറ്റിയിലെ മർമ്മസ്ഥാനത്ത് തോട്ടികൊണ്ട് ആഞ്ഞുകുത്തി.

കുത്തുകൊണ്ടവൻ പിടഞ്ഞെണീറ്റു. എങ്കിലും കൊച്ചയ്യപ്പൻ ചൂണ്ടപോലെ വളഞ്ഞുപോയി. അനങ്ങാനാവാതെ.

തളച്ചോളൂ!

അന്തോനി ആക്രോശിച്ചു. രണ്ടാം പാപ്പാനും കൂട്ടരും ഓടിയെത്തി കൈകാലുകളിൽ ചങ്ങലയിട്ടു ബന്ധിച്ചു. അവനെ പൂർണ്ണനിയന്ത്രണത്തിലെടുത്തു.

ആ കാഴ്ചകണ്ട് എഴുമറ്റൂർ തമ്പുരാൻ വിസ്മയിച്ചുനിന്നു.

അദ്ദേഹം അന്തോനിയോടു കല്പിച്ചു:

ധീരനായ നസ്രാണി, നാം നിനക്കെന്താണ് പാരിതോഷികമായി കല്പിച്ചുതരേണ്ടത്?

അടിയന് അന്തിയുറങ്ങാൻ പമ്പാനദിയുടെ തീരത്ത് അല്പം സ്ഥലം കല്പിച്ചു തന്നാൽ അന്തോഷമായി.

ഇവിടന്ന് അമ്പതു കാതം ദൂരെ പമ്പയുടെ തീരത്ത് അമ്പതേക്കർ ഭൂമി കാണാപ്പാട്ടമായും അതിൽ മനോഹരമായ ഒരു നാലുകെട്ടും നാം നിനക്കു കല്പിച്ചുതരുന്നു.

അന്തോനി സന്തോഷവാനായി. നാലുകെട്ടിന്റെ പണി നാലുമാസംകൊണ്ട് പൂർത്തിയായി. അന്തോനി നിർദ്ദേശിച്ച സ്ഥലത്ത് കാടു വെട്ടിത്തെളിച്ച് തമ്പുരാന്റെ ആശ്രിതൻ നാലുകെട്ട് പടുത്തുയർത്തി. പുരാതന ശില്പകലയുടെ മിഴിവോടെ.

വന്യമൃഗങ്ങളുടെ തലകൾ ആലേഖനംചെയ്ത പതിനൊന്നു കൽത്തൂണുകളിലാണ് നാലുകെട്ട് ഉറപ്പിച്ചത്. തേക്കും വീട്ടിയും ചന്ദനവും ചെത്തിമിനുക്കി ചിത്രപ്പണികൾ ചെയ്ത ചുമരുകൾ. ഉമ്മറത്തെ വിശാലമായ ചാവടിയിൽ ചാരിയിരിക്കാൻ പാകത്തിൽ നീളായത്തിൽ ബഞ്ചുകൾ സജ്ജമാക്കിയിരിക്കുന്നു. ഇരുപതോ ഇരുപത്തഞ്ചോ പേർക്കിരുന്നു വിസ്തരിക്കാനുള്ള വിസ്തൃതിയിൽ.

അന്തോനി പരിവാരസമേതം അങ്ങോട്ടേക്കു താമസം മാറ്റി. വിജനമാല ഫലഫുഷ്ടിയുള്ള പമ്പാതീരം. പാദമുദ്രകൾ പതിയാതെ കിടന്നു. കന്യകയായ അവളുടെ നീലക്കയത്തിൽ വാളയും കുറുവയും കൂരിയും ചാടിക്കളിക്കുന്നു.

ഇരുവശങ്ങളിലും നിബിഡമായ ചൂരൽക്കാടുകൾ. പരുത്തിക്കാടുകൾ ഇടയ്ക്കിടെ ആറ്റിലേക്ക് ചാഞ്ഞ് കൈകളൂന്നിനിൽക്കുന്ന കൂറ്റർ കൈതക്കാടുകൾ, തീരത്തെ പൊത്തുകളിൽനിന്നു പറന്നുയരുന്ന നെയ്ക്കോഴികൾ, ഒറ്റക്കാലിൽ തപസ്സുചെയ്യുന്ന കൊക്കുകൾ, ഇല്ലിമുളകളുടെ തുഞ്ചത്തു തൂങ്ങിയാടുന്ന കുരുവിക്കൂടുകൾ, ആകാശത്തിൽ വട്ടമിട്ടു പറക്കുന്ന പരുന്തുകൾ, അവ റാഞ്ചിപ്പിടിക്കുന്ന കുറുവകൾ, കാറ്റിനോടു കഥപറയുന്ന പച്ചപ്പനന്തത്തകൾ എന്നിവ ചേതോഹരമായിരുന്നു.

തീരം വിട്ട ഭൂമിയിൽ സൂര്യപ്രകാശം കടക്കാനാവാത്തവിധം കൂറ്റൻ മരങ്ങൾ, തേക്കും ആഞ്ഞിലിയും പ്ലാവും. അതിനടിയിൽ പടർന്നു പന്തലിച്ച പൂവരശുകൾ ആരിവേപ്പും ശീമക്കൊന്നകളും.

ചെറുമൃഗങ്ങളുടെ കലമ്പൽശബ്ദങ്ങൾ കേൾക്കായി. ചെറിയ കുറുക്കനും വെരുകും ഈനാംചക്കിയും കണ്ണാനുമൊക്കെ. പടർന്നുപന്തലിച്ച മരക്കൊമ്പുകളിൽ നരിച്ചീറുകൾ തൂങ്ങിക്കിടന്നു വൃത്തികെട്ട ശബ്ദം പുറപ്പെടുവിച്ചു. മൈനകളും കുരുവികളും ഓലേഞ്ഞാലികളും താളത്തിൽ കീർത്തനങ്ങൾ പാടി.

അവിടെ പുരാതനമായ ഒരു കുടുംബത്തിന്റെ വേരുറച്ചു. അമന്താനി തടിവ്യാപാരം വിപുലമായി ആരംഭിച്ചു. റാന്നിയിൽ നായർമാടമ്പിമാരുടെ കൂപ്പുകൾ ലേലത്തിൽ പിടിച്ചു.

ആനകളും ആശ്രിതരും അതുവെട്ടിയിറക്കി പമ്പയിലൂടെ വീയപുരത്തേക്കൊഴുക്കി. വീയപുരത്ത് ഒരു തടിഡിപ്പോ ആരംഭിച്ചു.

ആലപ്പുഴനിന്നും സേട്ടുമാരും ജൂതന്മാരും തടി ലേലത്തിനെടുത്ത് ആലപ്പുഴയെത്തിച്ചു കയറ്റിയയച്ചു.

അന്തോനി അടിക്കടി കയറി. കുടുതൽ പച്ചകളും വിരിപ്പും. കന്നുകാലികളെയും ആടുമാടുകളെയും ധാരാളമായി വളർത്തി.

ആയിടെ ഒരിക്കൽ റാന്നിയിൽ നിന്ന് ലൂക്കാ വിരുന്നുവന്നു.

സംസാരമദ്ധ്യേ ലൂക്കാ പറഞ്ഞു:

അന്തോനിച്ചൻ കേട്ടില്ലേ, തച്ചിൽ മാത്തുത്തരകനെ വേലുത്തമ്പി വകവരുത്തി.

അന്തോനി ഞെട്ടി.

എന്ത്?

തലക്കുളം കാര്യക്കാരായിരുന്ന വേലുത്തമ്പിയുടെ തിരുവനന്തപുരത്തേക്കുള്ള തള്ളിക്കയറ്റം അന്തോനി കേട്ടിരുന്നു. ആയിടെ തിരുവിതാംകൂറിലും കൊച്ചിയിലും ധ്വരമാർക്കെതിരെ വെല്ലുവിളി ഉയർന്നിരുന്നു. ബ്രിട്ടീഷ് റസിഡന്റ് കേണൽ മെക്കാളെയുടെ കർക്കശനയമാണ് ഇതിനു കാരണമായത്.

മെക്കാളയുടെ ഉത്രമിത്രമായാണ് വേലുത്തമ്പി രംഗത്തുവന്നത്. അപ്പോൾ നസ്രാണികൾക്ക് ശ്രേയസ്സുണ്ടാകുമെന്നാണ് അന്തോനി കരുതിയത്.

തിരുവിതാംകൂറിൽ ബാലരാമവർമ്മരാജാവ് ദുർബ്ബലനായിരുന്നു. കുതിച്ചുകയറിയ തമ്പി അന്നത്തെ കാര്യക്കാരനായിരുന്ന ജയന്തൻ ശങ്കര നമ്പൂതിരിയെയും കൂട്ടരെയും പുറത്താക്കി. ആദ്യം മുളകുമടിശ്ശീലകാര്യക്കാരും പിന്നീട് ദളവയും സ്വയം പ്രഖ്യാപനം നടത്തി. തമ്പിയുടെ തനിനിറം പുറത്തുവന്നപ്പോൾ മെക്കാളെ ധ്വര ഇടഞ്ഞു.

ഇതിന്റെയൊക്കെ പൊറകി കൊച്ചീസർവ്വാധികാര്യക്കാരൻ പാലിയത്തച്ചനുമുണ്ട്. അച്ചനാണ് ആദ്യം റസിഡന്റ് ധ്വരയ്ക്കെതിരെ ശബ്ദമുയർത്തിയത്.

അന്തോനിക്ക് പാലിയത്തച്ചനോട് വെറുപ്പും പുച്ഛവുമാണ് തോന്നിയത്.

ഒരു സർവ്വാധികാര്യക്കാരന് നസ്രാണികളെ അമ്മാനമാടാം. പക്ഷേ ധ്വരമാരോടു ള്ള കളി തീക്കളിയാ. അതിനു തമ്പി കൂട്ടുനിന്നാ തിരുവിതാംകൂറിനും അധോഗതി തന്നെ.

മന്ത്രവാദത്തിൽ അമിതിവിശ്വാസോള്ളോനാ തമ്പി. പാഴുകണിയാരെ വരുത്തി പ്ര ശ്നംവെപ്പിച്ചുനോക്കി ധ്വരമാരോടു യുദ്ധം ചെയ്തു ജയിക്കുമോന്നറിയാൻ. വിജ യം സുനിശ്ചിതമെന്നാ പ്രശ്നവിധി. ഹാവൂ! എന്തൊക്കെ ആകുമോ എന്തോ!

ലൂക്കാ മുറുക്കാൻ ചാറ് മുറ്റത്തേക്ക് നീട്ടിത്തുപ്പി.

അന്തോനി ചാരിക്കിടക്കാവുന്ന ചൂരൽക്കസേരയിൽ ഇളകിയിരുന്നു.

മണ്ടന്മാര്! ബ്രിട്ടന്റെ യന്ത്രത്തോക്കിനു മുമ്പിലാ, അമ്പുംവില്ലും വാളും കുന്തവും. വാളൊറേന്ന് ഊരിയെടുക്കുന്നനേരംകൊണ്ട് അവര് പീരങ്കി വച്ച ചുട്ടുകളേം.

കൊറേ തോക്കുകളൊക്കെ തിരുവിതാംകൂറിന്റേം കൊച്ചീടേം കൈവശോണ്ട്. കൂ ടാണ്ട് യൂറോപ്പി യുദ്ധം നടക്കുവല്ലേ, മയ്യഴീല് ഫ്രഞ്ചുകാരടെ സഹായോം അവർ ക്കൊണ്ട്. ഈജിപ്റ്റി തമ്പടിച്ചിരിക്കുന്ന ഫ്രഞ്ചുപട ഞൊടിയിടകൊണ്ടിവിടെത്തും.

അന്തോനി കസേരയിൽനിന്നെണീറ്റ് ഒരു പ്രവചനമെന്നോണം പറഞ്ഞു.

കാണാൻപോണ പൂരം കണ്ടുതന്നെ കാണാം. തമ്മിത്തമ്മി സ്നേഹമില്ലാത്തോര് തമ്മിത്തല്ലി കലഹിച്ച് കാലഹരണപ്പെട്ടുപോകുമെന്നെനിക്കൊറപ്പാ.

(തുടരും...)